# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കൽപ്പകഞ്ചേരി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505

ഇ-മെയിൽ: dompm.ksad@kerala.gov.in

ഫോൺ : 0483-2734951

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.എം.പി.എം10/2396/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 08/11/2022
ഇ-മെയിൽ:
dompm.ksad@kerala.gov.in
ഫോൺ: 0483-2734951

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കൽപ്പകഞ്ചേരി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കൽപ്പകഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കൽപ്പകഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.എം.പി.എം10/2396/2022 തീയ്യതി: 08/11/2022

## മലപ്പുറം ജില്ലയിലെ കൽപ്പകഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ കൽപ്പകഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 16-10-2021 മുതൽ 21-09-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 13 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 4 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 30-09-2022 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ. ഉണ്ണി പൂതം കുറ്റി | ഡെപ്യൂട്ടി ഡയറക്ടർ | 22-09-2022 | 30-09-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 22-09-2022 | 30-09-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.അബ്ദു ഫൈസൽ | സെക്രട്ടറി | 01-04-2021 | 14-04-2021 |

| | | | |
|---|---|---|---|
| ശ്രീമതി.മിനി. കെ.കെ | സെക്രട്ടറി | 27-07-2021 | 31-03-2022 |
| ശ്രീമതി. കെ.പി.വഹീദ | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീമതി.സരിത | സെക്രട്ടറി-ഇൻ-ചാർജ്ജ് | 15-04-2021 | 18-07-2021 |
| ശ്രീ. അരുൺ നാരായണൻ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 19-07-2021 | 26-07-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി.ബാസില സി.പി | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| ഡോ.ആസിഫ് ജാൻ | മെഡിക്കൽ ഓഫീസർ( പിഎച്ച്.സി) | 01-04-2021 | 31-03-2022 |
| ശ്രീമതി.ബിസ്ന | ഫിഷറീസ് ഓഫീസർ | 01-04-2021 | 31-03-2022 |
| ഡോ.എൻ. ഷിഹാബുദ്ധീൻ | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 01-04-2021 | 31-03-2022 |
| ശ്രീ.രജിത്ത് കമാൽ | വി.ഇ.ഒ | 01-04-2021 | 31-03-2022 |
| ശ്രീമതി.നാദിറ.എൻ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2021 | 31-03-2022 |
| ശ്രീ.അമീർ ഷാ മുഹമ്മദ് | ഹെഡ് മാസ്റ്റർ | 01-04-2021 | 31-03-2022 |
| ശ്രീ.ആബിദ.പി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2021 | 01-12-2021 |
| ശ്രീ.റാഷിദ്.സി.പി | അസിസ്റ്റന്റ് എഞ്ചിനീയർ | 02-12-2021 | 31-03-2022 |
| ശ്രീമതി.സരിത. | അസി.സെക്രട്ടറി | 01-04-2021 | 18-07-2021 |
| ശ്രീ.അരുൺ നാരായണൻ | അസി.സെക്രട്ടറി | 19-07-2021 | 31-03-2022 |
| ഡോ.നർഗീസ്.പി | മെഡിക്കൽ ഓഫീസർ( ഹോമിയോ) | 01-04-2021 | 31-03-2022 |
| ഡോ. വിമൽ സി വർഗ്ഗീസ് | വെറ്ററനറി സർജൻ | 01-04-2021 | 31-03-2022 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Abdul Rasheed MP (Audit Officer, On 28-09-2022)<br>Last Updated By: Abdul Rasheed MP (Audit Officer, On 06-10-2022) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക.<br>Written By: Sujitha.P.K (Auditor, On 30-09-2022)<br>Last Updated By: Abdul Rasheed MP (Audit Officer, On 01-10-2022) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: Sujitha.P.K (Auditor, On 30-09-2022)<br>Last Updated By: Abdul Rasheed MP (Audit Officer, On 01-10-2022) | 1-3 |
| 4 | ഫണ്ട് വിനിയോഗം(ACR പ്രകാരം)<br>Written By: Sujitha.P.K (Auditor, On 30-09-2022)<br>Last Updated By: Unni.P (Deputy Director, On 05-11-2022) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: Sujitha.P.K (Auditor, On 30-09-2022)<br>Last Updated By: Abdul Rasheed MP (Audit Officer, On 01-10-2022) | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി<br>Written By: Sujitha.P.K (Auditor, On 30-09-2022)<br>Last Updated By: Abdul Rasheed MP (Audit Officer, On 05-10-2022) | 1-6 |
| 7 | ക്ഷേമപദ്ധതികൾ<br>Written By: Sujitha.P.K (Auditor, On 30-09-2022)<br>Last Updated By: Abdul Rasheed MP (Audit Officer, On 05-10-2022) | 1-7 |
| 8 | ക്യാഷ് പരിശോധന<br>Written By: Sujitha.P.K (Auditor, On 30-09-2022)<br>Last Updated By: Abdul Rasheed MP (Audit Officer, On 05-10-2022) | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം<br>Written By: Sujitha.P.K (Auditor, On 30-09-2022)<br>Last Updated By: Unni.P (Deputy Director, On 05-11-2022) | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Sujitha.P.K (Auditor, On 30-09-2022)<br>Last Updated By: Abdul Rasheed MP (Audit Officer, On 05-10-2022) | 1-10 |
| 11 | വാർഷിക കണക്കിലെ അപാകതകൾ<br>Written By: Sujitha.P.K (Auditor, On 30-09-2022)<br>Last Updated By: Unni.P (Deputy Director, On 05-11-2022) | 1-11 |
| 12 | സാമൂഹ്യ സുരക്ഷാ പെൻഷൻ - മരണ രജിസ്ട്രേഷന ശേഷവും വിതരണം നടത്തി<br>Written By: Sujitha.P.K (Auditor, On 01-10-2022)<br>Last Updated By: Abdul Rasheed MP (Audit Officer, On 05-10-2022) | 1-12 |
| 13 | വിനിയോഗ സാക്ഷ്യപത്രങ്ങൾ ലഭ്യമാക്കിയില്ല<br>Written By: Latha.O.V (Auditor, On 30-09-2022)<br>Last Updated By: Unni.P (Deputy Director, On 05-11-2022) | 1-13 |
| 14 | തെരുവ് വിളക്കുകളുടെ പരിപാലനം - ന്യൂനതകൾ<br>Written By: Latha.O.V (Auditor, On 30-09-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 08-11-2022) | 1-14 |
| 15 | എം എൻ ആർ ഇ ജി എസ് ഓഫീസിലേയ്ക്ക് കമ്പ്യൂട്ടർ സ്കാനർ പ്രിന്റർ എന്നിവ വാങ്ങൽ : ഉപകരണങ്ങൾ ലഭ്യമായില്ല.<br>Written By: Latha.O.V (Auditor, On 30-09-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 08-11-2022) | 1-15 |
| 16 | പോഷകാഹാര വിതരണം - അപാകതകൾ<br>Written By: Latha.O.V (Auditor, On 01-10-2022)<br>Last Updated By: Unni.P (Deputy Director, On 07-11-2022) | 1-16 |

| | | |
|---|---|---|
| 17 | ഗ്രാമ പഞ്ചായത്ത് അനുമതിയില്ലാതെ കെട്ടിടങ്ങളിൽ സ്കൂളുകൾ പ്രവർത്തിക്കുന്നു.<br>Written By: E.Moosa (Asst. Audit Officer, On 02-10-2022)<br>Last Updated By: Unni.P (Deputy Director, On 07-11-2022) | 1-17 |
| 18 | ആയുർവേദ ഡിസ്പെൻസറി- മുഴുവൻ മരുന്നുകളും ലഭ്യമായിട്ടില്ല.<br>Written By: Abdul Rasheed MP (Audit Officer, On 06-10-2022)<br>Last Updated By: Unni.P (Deputy Director, On 07-11-2022) | 1-18 |
| 19 | ഹോമിയോ ഡിസ്പെൻസറി- മുഴുവൻ മരുന്നുകളും ലഭ്യമായിട്ടില്ല.<br>Written By: Abdul Rasheed MP (Audit Officer, On 06-10-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 08-11-2022) | 1-19 |
| 20 | മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി- അപാകതൾ<br>Written By: Abdul Rasheed MP (Audit Officer, On 06-10-2022)<br>Last Updated By: Unni.P (Deputy Director, On 07-11-2022) | 1-20 |
| 21 | നിർവ്വഹണ ഉദ്യോഗസ്ഥർ രജിസ്റ്ററുകൾ സൂക്ഷിക്കുന്നതിലെ അപാകതകൾ<br>Written By: Abdul Rasheed MP (Audit Officer, On 06-10-2022)<br>Last Updated By: Unni.P (Deputy Director, On 07-11-2022) | 1-21 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| | --- No Records Found --- | |
| | ഭാഗം **4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Sujitha.P.K (Auditor, On 30-09-2022)<br>Last Updated By: Abdul Rasheed MP (Audit Officer, On 06-10-2022) | 4-1 |
| 2 | സംയുക്തപ്രൊജക്കുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Sujitha.P.K (Auditor, On 30-09-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 08-11-2022) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Sujitha.P.K (Auditor, On 30-09-2022)<br>Last Updated By: Abdul Rasheed MP (Audit Officer, On 06-10-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Sujitha.P.K (Auditor, On 30-09-2022)<br>Last Updated By: Abdul Rasheed MP (Audit Officer, On 06-10-2022) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Sujitha.P.K (Auditor, On 30-09-2022)<br>Last Updated By: Abdul Rasheed MP (Audit Officer, On 06-10-2022) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: Sujitha.P.K (Auditor, On 30-09-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 08-11-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Sujitha.P.K (Auditor, On 30-09-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 08-11-2022) | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ<br>Written By: Sujitha.P.K (Auditor, On 30-09-2022)<br>Last Updated By: Abdul Rasheed MP (Audit Officer, On 06-10-2022) | 4-8 |
| 9 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം.<br>Written By: Sujitha.P.K (Auditor, On 30-09-2022)<br>Last Updated By: Abdul Rasheed MP (Audit Officer, On 06-10-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Sujitha.P.K (Auditor, On 30-09-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 08-11-2022) | 4-10 |

| | | |
|---|---|---|
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം<br>Written By: Abdul Rasheed MP (Audit Officer, On 28-09-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 08-11-2022) | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1
## പൊതു അവലോകനം

### 1-1 ബജറ്റ്

| 2021-22 ലെ ബജറ്റ് പാസ്സാക്കിയ നം./തിയ്യതി | പുതുക്കിയത് ബജറ്റ് തീരുമാന നം./തിയ്യതി |
|---|---|
| 1/KP/08/01/80/2021 തീ.23.02.2021 | 3/1 തീ. 25.03.2022 |

### 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31 .07.2022 | 29.07.2022 | --- | ----- |

### 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 1,24,91,992.14 |
| വരവ് | 10,87,52,961 |
| ആകെ | 12,12,44,953.14 |
| ചെലവ് | 10,24,37,146 |
| നീക്കിയിരിപ്പ് | 1,88,07,807.14 |

### 1-4 ഫണ്ട് വിനിയോഗം(ACR പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 1,80,23,008 | 1,80,23,008 | 1,66,64,267 | 13,58,741 |
| വികസനഫണ്ട് എസ്.സി.പി. | 0 | 5,19,500 | 5,19,500 | 5,16,000 | 3,500 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 0 | 0 | 0 | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 1,79,83,335 | 1,79,83,335 | 1,55,08,000 | 24,75,335 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 65,13,471 | 65,13,471 | 43,97,274 | 21,16,197 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Tied ) | 0 | 1,09,63,000 | 1,09,63,000 | 21,64,220 | 87,98,780 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Untied ) | 0 | 39,35,850 | 39,35,850 | 39,17,737 | 181,13 |
| ബി ഫണ്ട് | 0 | 5,13,69,500 | 5,13,69,500 | 5,13,69,,500 | 0 |

### 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാ | പദ്ധതി | നടപ്പാക്കിയത് | പദ്ധതി | ഭാഗികമായി | നടപ്പാക്കാ | പൂർത്തീകരിച്ച |
|---|---|---|---|---|---|---|

| രം ലഭിച്ചത് (എണ്ണം) | അടങ്കൽ | (എണ്ണം) | ചെലവ് | നടപ്പാക്കിയത് (എണ്ണം) | ത്തവ എണ്ണം) | പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 178 | 76214301 | 144 | 56048835 | - | 34 | 80.89% |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 6,586.14 | 5,31,224 | 5,37,810.14 | 5,35,218 | 2,592.14 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 95,41,693 | 95,41,693 | 95,41,693 | 0 |

## 1-7 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 3,600 | 4 |
| കർഷകതൊഴിലാളി പെൻഷൻ | 34,400 | 12 |
| വിധവാപെൻഷൻ | 1,56,82,400 | 989 |
| വാർദ്ധക്യകാലപെൻഷൻ | 2,94,39,400 | 2166 |
| വികലാംഗപെൻഷൻ | 59,72,700 | 408 |
| വിവാഹ ധനസഹായം | 30,000 | 1 |
| 50 വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 32,000 | 2 |

## 1-8 ക്യാഷ് പരിശോധന

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 22.09.2022 ന് 02.45 പി.എം, ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 7205/-രൂപയുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

1.ജി.ഒ. (എം.എസ്) 10/17 തസ്വഭവ തി. 9.1.17 പ്രകാരം പ്രോജക്ടുകൾ നടപ്പിലാക്കിയ ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി മാറണം. എന്നാൽ നിർവഹണ ഉദ്യോഗസ്ഥർ ഹാജരാക്കിയ ഫയലിൽ മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ടുകൾ ഉൾപ്പെടുത്തിയിട്ടില്ല.
2. സെക്രട്ടറി പർച്ചേയ്സ് ചെയ്ത ഉപകരണങ്ങളുടെ മുഴുവൻ വിവരങ്ങളും സ്റ്റോക്ക് രജിസ്റ്ററിൽ ചേർക്കുന്നില്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തിയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തിയ്യതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 16.10.2021 മുതൽ 02.11.2021 വരെ | 2020-21 | 28.12.2021 |

| | | | |
|---|---|---|---|
| എ.ജി ഓഡിറ്റ് | 20.11.2012 മുതൽ 04.12.2012 വരെ | 2007-08 മുതൽ 2011-12 വരെ | 06.02.2013 |

## 1-11 വാർഷിക കണക്കിലെ അപാകതകൾ

1.2020-21 വാർഷിക കണക്കിലെ B-5 പ്രകാരം ലോണിനത്തിൽ തുക അടവാക്കാൻ അവശേഷിക്കുന്നില്ല. തൻവർഷ ലോൺ തുക 260000/-(RP32) രൂപയുണ്ട്. എന്നാൽ തൻവർഷം ലോണിനത്തിൽ 3,81,333/- രൂപ അടവാക്കിയിട്ടുണ്ട്. ട്രയൽ ബാലൻസിലെ വരവു തുക യഥാർത്ഥ വരവുമായി പൊരുത്തപ്പെടുന്നില്ല.

2.പൂവൻചെന 121 നമ്പർ അംഗനവാടിക്ക് ഇലക്ട്രിഫിക്കേഷനായി 31,186 (ബിൽ നം.23/13.02.2022) രൂപയും ഗതാഗതത്തിന് തടസ്സം നിൽക്കുന്ന ഇലക്ട്രിക്ക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുന്നതിനായി 17,381 (വൌച്ചർ നം. 52100614/28.12.2021) രൂപയും കെ.എസ്.ഇ.ബിക്ക് നൽകിയിട്ടുണ്ട്. ഇവ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

3. വനിതാ വ്യവസായ കേന്ദ്രത്തിന് കുഴൽ കിണർ നിർമ്മാണത്തിനായി 50,482 രൂപ (വൌച്ചർ നം. 52100885/25.03.2022 ) ഭൂജല വകുപ്പിന് നൽകിയിട്ടുണ്ട്. ഇവ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

4.ഡെപ്പോസിറ്റ് രജിസ്റ്ററിൽ വാർഷിക സംഗ്രഹം രേഖപ്പെടുത്തിയിട്ടില്ല.

5.ഓഡിറ്റ് റിക്കവറി രജിസ്റ്റർ പ്രകാരം തൻവർഷം റിക്കവറി ഇനത്തിൽ 19,759 രൂപയുടെ വരവുണ്ട്. എന്നാൽ വാർഷിക കണക്കിൽ (RP-10) 9,321 രൂപയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

6.വാർഷിക കണക്കിലെ B-12 പ്രകാരം സ്ഥിര നിക്ഷേപമായി 57,75,445 രൂപയാണുള്ളത്. എന്നാൽ സ്ഥിര നിക്ഷേപ രസീതി പ്രകാരം 59,63,185 രൂപ ബാലൻസുണ്ട്.

7.2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 62(2)(ഇ) പ്രകാരമുള്ള കുറിപ്പുകൾ, 62(2)(എഫ്) പ്രകാരമുള്ള അനുപാതങ്ങൾ, 62(3) പ്രകാരമുള്ള മുൻവർഷ താരതമ്യ തുകകൾ എന്നിവ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല

8.2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, ചട്ടം 62(2)4 പ്രകാരം ധനകാര്യ പത്രികകളിലെ തുകകൾ പൂർണ്ണരൂപയിൽ രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ ഈ നിബന്ധന പാലിച്ചിട്ടില്ല. (ഉദാ. Schedule B-1, Schedule B-17)

*(ഓഡിറ്റ് എൻക്വയറി നം.1/27.09.2022പ്രകാരം അപാകതകൾ ശ്രദ്ധയിൽപെടുത്തി,ലഭ്യമാക്കിയ മറുപടി പരിഗണിച്ച് പരിഹരിക്കപ്പെടാത്ത അപാകതകളാണ് ഈ പരാമർശത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്)*

## 1-12 സാമൂഹ്യ സുരക്ഷാ പെൻഷൻ - മരണ രജിസ്ട്രേഷനു ശേഷവും വിതരണം നടത്തി

ഗ്രാമ പഞ്ചായത്തിലെ സാമൂഹ്യ സുരക്ഷാ പെൻഷൻ കൈപ്പറ്റുന്ന ചുവടെ ചേർത്ത വ്യക്തികൾക്ക് അവരുടെ മരണ ശേഷവും പെൻഷൻ അനുവദിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | പെൻഷൻ ഇനം & ഐ.ഡി | മരണം നടന്ന തിയ്യതി | മരണ രജിസ്ട്രേഷൻ നം& തിയ്യതി | അനർഹമായി നൽകിയ തുക | റിമാർക്സ് |
|---|---|---|---|---|---|---|
| 1 | മൊയ്തീൻകുട്ടി, ആലംപറമ്പിൽ (ആധാർ നം.977620365303) | വാർദ്ധക്യകാല പെൻഷൻ 109720200592 | 29.07.2021 | 185/2021 14.12.2021 | 20,800 | August/2022 വരെയുള്ള പെൻഷൻ ബാങ്കിൽ നിക്ഷേപിച്ചിട്ടുണ്ട്. |
| 2 | സൈനബ, മച്ചിഞ്ചേരി (ആധാർ നം. 574272095398) | വാർദ്ധക്യകാല പെൻഷൻ 109720201952 | 13.04.2021 | 49/2021 07.05.2021 | 25,600 | August/2022 വരെയുള്ള പെൻഷൻ ബാങ്കിൽ നിക്ഷേപിച്ചിട്ടുണ്ട്. |
| 3 | സൈതലവി,പുളിക്കൽ (ആധാർ നം. 756234557916) | വാർദ്ധക്യകാല പെൻഷൻ 109720201078 | 24.12.2020 | 15/2021 01.02.2021 | 31,700 | August/2022 വരെയുള്ള പെൻഷൻ |

| | | | | | | |
|---|---|---|---|---|---|---|
| | | | | | | ബാങ്കിൽ നിക്ഷേപിച്ചിട്ടുണ്ട്. |

ആധാർ നമ്പർ ലഭ്യമായതും കൽപകഞ്ചേരി ഗ്രാമ പഞ്ചായത്തിൽ മരണം രജിസ്റ്റർ ചെയ്തവരുമായ ഗുണഭോക്താക്കളുടെ കാര്യത്തിൽ നൽകിയ തുകകളുടെ വിവരം മാത്രമാണ് പരിശോധിക്കാനായത്. മുഴവൻ ഗുണഭോക്താക്കളുടെ കാര്യത്തിലും പരിശോധന നടത്തി കാലികമാക്കേണ്ടതാണ്. ഇക്കാര്യത്തിൽ വിശദമായ അന്വേഷണം നടത്തി അനർഹമായി നൽകിയ തുക തിരിച്ചുപിടിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

മേൽ അപാകതക്ക് നൽകിയ ഓഡിറ്റ് എൻക്വയറി (നം.6/29.09.22) ക്ക് ഗുണഭോക്താക്കളുടെ മരണശേഷവും ബാങ്കിലേക്ക് വന്നിട്ടുള്ള പെൻഷൻ തുക സർക്കാരിലേക്ക് തിരികെ അടവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും ഭാവിയിൽ ഇത്തരം അപാകതകൾ വരാതിരിക്കാൻ ശ്രദ്ധിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

## 1-13 വിനിയോഗ സാക്ഷ്യപത്രങ്ങൾ ലഭ്യമാക്കിയില്ല

സെക്രട്ടറി നിർവഹണം നടത്തിയ താഴെ പറയുന്ന പ്രൊജക്ടുകൾ പ്രകാരം വിവിധ സ്ഥാപനങ്ങൾക്ക് തുകകൾ കൈമാറിയിട്ടുണ്ട്.പ്രസ്തുത സ്ഥാപനങ്ങളിൽ നിന്നുള്ള വിനിയോഗ സാക്ഷ്യപത്രങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

| പ്രൊജക്ട് | ബിൽ നം /ചെക്ക് നം , തീയതി | തുക | തുക നൽകിയ സ്ഥാപനം |
|---|---|---|---|
| കുടി വെള്ള പൈപ്പ് ലൈൻ എക്സ്റ്റൻഷൻ (106/21-22) | 52100615/30.12.2021 | 19,30,000 | കേരള വാട്ടർ അതോറിറ്റി |
| പാറപ്പുറം അംഗനവാടി കെട്ടിട നിർമാണം 209/21-22 | 16/17.1.22 | 1000000 | എം എൻ ആർ ഇ ജി സ് . മിഷൻ ഡയറക്ടർ |
| പൂവൻചിന അംഗനവാടി ഇലക്ട്രിഫിക്കേഷൻ (192/21-22) | 23/13.2.22 | 31,186 | കെ.എസ്. ഇ.ബി. |
| വനിതാ വ്യവസായകേന്ദ്രം കുഴൽ കിണർ നിർമാണം (89/21-22) | 52100885/25.03.2022 | 50,482 | ഭൂജല വകുപ്പ് |
| ഐ .കെ എമിന് വിഹിതം നൽകൽ (79/21-22) | 17/19.1.22 | 70,795 | ഐ .കെ എം |
| ജില്ല പഞ്ചായത്ത് റിസോഴ്സ് സെന്റർ കെട്ടിടനിർമാണം തുക കൈമാറൽ (228/21-22) | 22/17.2.22 | 2,65,000 | ഡി.ഡി.പി |
| | ആകെ | 33,47,463 | |

വിനിയോഗ സാക്ഷ്യപത്രങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം.12/30.9.22 ന് മറുപടി ലഭ്യമാക്കിയിട്ടില്ല) വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതുവരെ ചെലവ് തുക തടസ്സം ചെയ്യുന്നു.

## 1-14 തെരുവ് വിളക്കുകളുടെ പരിപാലനം - ന്യൂനതകൾ

ഗ്രാമപഞ്ചായത്ത് 2021-22 വർഷം നടപ്പാക്കിയ തെരുവ് വിളക്കുകളുടെ പരിപാലന പ്രൊജക്ടിൽ കണ്ടെത്തിയ ന്യൂനതകൾ താഴെ പറയുന്നു.

1) തെരുവ് വിളക്കുകളുടെ എണ്ണം കാണിക്കുന്ന രജിസ്റ്റർ സൂക്ഷിപ്പ് തൃപ്തികരമല്ല.

2021-22 വർഷത്തിൽ തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജിനത്തിൽ 468454 -രൂപ ചെലവഴിച്ചിട്ടുണ്ട്. പഞ്ചായത്തിൽ ഒരു തെരുവ് വിളക്ക് രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും പഞ്ചായത്ത് പരിധിയിലുള്ള മുഴവൻ തെരുവു വിളക്കുകളും ഉൾപ്പെടുത്തി ഇനം തിരിച്ചുള്ള എണ്ണം കാണിക്കുന്ന രജിസ്റ്റർ പരിപാലിക്കുന്നില്ല. പ്രോജക്ട് നം.99/2022 (180/19-20) പ്രകാരം 129എണ്ണം LED ബൾബുകൾ സ്ഥാപിച്ചിട്ടുണ്ടെങ്കിലും ആയവ രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല.ഗവ.സർക്കുലർ നം.3055/ഡി.എ.3/2011/തസ്വഭവ തി.15.09.2011.കെ എസ് ഇ ബിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി വിവര ശേഖരണം നടത്തുവാൻ സർക്കാർ നിർദ്ദേശമുള്ളതാണെങ്കിലും ആയത് നടത്തിയിട്ടില്ല.

കൃത്യത ബോധ്യപ്പെട്ട്, വാങ്ങുന്ന ഉപകരണങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ ചേർക്കേണ്ടതും കേടായ സാധനങ്ങൾ അതത്

ദിവസം തന്നെ തിരികെ കൊണ്ട് വന്ന് രജിസ്റ്റർ ഓഫ് അൺസർവ്വീസബിൾ ഐറ്റംസ് എന്ന രജിസ്റ്ററിൽ ചേർക്കേണ്ടതും സാമ്പത്തിക വർഷാവസാനം ഇപ്രകാരമുള്ള Stock In Register ഉം Stock Out Register ഉം റികൺസൈൽ ചെയ്ത് ആയതിന്റെ കൃത്യത സെക്രട്ടറി ഉറപ്പുവരുത്തേണ്ടതുമാണ്. എന്നാൽ ഇത്തരം നടപടികൾ പാലിച്ചിട്ടില്ല.

2) പഞ്ചായത്ത് ഡയറക്ടറുടെ ജി2-44274/15,തീ.17.08.15 മാർഗ്ഗരേഖ പ്രകാരമുള്ള രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല – നിർദ്ദേശങ്ങൾ പാലിക്കുന്നില്ല.

പഞ്ചായത്ത് ഡയറക്ടറുടെ ജി2-44274/15,തീ.17.08.15 തെരുവുവിളക്ക് പരിപാലന പൊതു മാർഗ്ഗരേഖ അനുസരിച്ച് സൂക്ഷിക്കേണ്ട തെരുവുവിളക്ക് മെയിന്റനൻസ് രജിസ്റ്റർ 7.11.2020 മുതൽക്കാണ് പഞ്ചായത്തിൽ സൂക്ഷിച്ച വരുന്നത് . എന്നാൽ പ്രസ്തുത രജിസ്റ്ററിൽ മുഴുവൻ വിവരങ്ങളും രേഖപ്പെടുത്തിയിട്ടില്ല. തെരുവുവിളക്കുകളുടെ പരിപാലനം മോണിറ്റർ ചെയ്യുന്നതിനായി വാർഡ് തലത്തിൽ മോണിട്ടറിംഗ് സമിതികൾ പ്രവർത്തിക്കുന്നില്ല.

തെരുവുവിളക്കുകളുടെ കംപ്ലയിന്റ് റിപ്പോർട്ട് ചെയ്യുന്ന തീയ്യതി, പ്രവർത്തനരഹിതമായ വിളക്ക്/പ്രദേശം, വാർഡ്, വിവരം നൽകുന്ന ആളിന്റെ പേരും ഫോൺ നമ്പറും, അറ്റകുറ്റപ്പണി നടത്തിയ തീയ്യതി, ഇലക്ട്രീഷ്യന്റെ ഒപ്പ്, നോഡൽ ഓഫീസറുടെ ഒപ്പ് എന്നീ വിവരങ്ങൾ ഉൾകൊള്ളിച്ചുകൊണ്ട് രജിസ്റ്റർ ശരിയായ വിധത്തിൽ സൂക്ഷിയ്ക്കേണ്ടതും തെരുവുവിളക്കുകളുടെ പരിപാലനം മോണിറ്റർ ചെയ്യുന്നതിനായി വാർഡ് തലത്തിൽ മോണിട്ടറിംഗ് സമിതികൾ പ്രവർത്തനം ശക്തിപ്പെടുത്തേണ്ടതുമാണ്.

മാർഗ്ഗരേഖ പ്രകാരമുള്ള രജിസ്റ്ററുകൾ സൂക്ഷിക്കാത്തതു സംബന്ധിച്ച് നൽകിയ ഓഡിററ് എൻക്വയറി നം.11/30.9.22 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.വിശദീകരണം പ്രഥമമറുപടിയിൽ തന്നെ ലഭ്യമാക്കേണ്ടതാണ്

## 1-15 എം എൻ ആർ ഇ ജി എസ് ഓഫീസിലേയ്ക്ക് കമ്പ്യൂട്ടർ സ്കാനർ പ്രിന്റർ എന്നിവ വാങ്ങൽ : ഉപകരണങ്ങൾ ലഭ്യമായില്ല.

നിർവ്വഹണം : സെക്രട്ടറി

പ്രൊജക്ടിന്റെപേര് : എം എൻ ആർ ഇ ജി എസ് ഓഫീസിലേയ്ക്ക് കമ്പ്യൂട്ടർ സ്കാനർ പ്രിന്റർ എന്നിവ വാങ്ങൽ :

പ്രൊജക്ട് നം 190/21-22

അടങ്കൽ :60000/- തനത് ഫണ്ട്

ചെലവ് :59189/-(ചെക്ക് നം 52100389/5.8.21)

സെക്രട്ടറി നിർവ്വഹണം നടത്തിയ മേൽ പ്രൊജക്ട് പ്രകാരം, കെൽട്രോണിൽ നിന്നും താഴെ പറയും പ്രകാരം ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ഇനം | പ്രഫോർമ ഇൻവോയ്സ് നം,തീയതി. | ആകെ തുക |
|---|---|---|
| പ്രിന്റർ | 30360/4.10.21 | 12953 |
| സ്കാനർ | 30359/4.10.21 | 7069 |
| ഡെസ്ക്ടോപ്പ് | 30360/4.10.21 | 39797 |
| ആകെ | | 59819 |

ഉപകരണങ്ങൾ ലഭ്യമായതിന്റെ വിവരം ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിററ് എൻക്വയറി നം.13 /30.9.22 യ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ഉപകരണങ്ങൾ ലഭ്യമായതിന്റെ വിവരം പ്രഥമമറുപടിയിൽ തന്നെ ലഭ്യമാക്കേണ്ടതാണ്. അതുവരെ ചെലവ് തുക 59819/-രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 1-16 പോഷകാഹാര വിതരണം - അപാകതകൾ

നിർവ്വഹണം: ഐ.സി.ഡി.എസ് സൂപ്പർവൈസർ

പ്രോജക്ട് നം : 1/2021-22

മൊത്തം അടങ്കൽ- : 5753333

ചെലവ് :5507919

ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവഹണം നടത്തിയ അനുപൂരക പോഷകാഹാര വിതരണ പദ്ധതിയുടെ ഭാഗമായി പഞ്ചായത്തിലെ 28 അംഗൻവാടികളിൽ വിതരണം ചെയ്യുന്നതിനായി അമൃതം ന്യൂട്രിമിക്സ്, ഗ്രാവി പ്രൊ എന്നിവ മമത കുടുംബശ്രീ ന്യൂട്രിമിക്സ് യൂണിറ്റ് പിടാവനൂരിൽ നിന്നും, ന്യൂട്രിമാം ചൈതന്യ കുടുംബശ്രീ ന്യൂട്രിമിക്സ് യൂണിറ്റ് നിന്നും വാങ്ങിയിട്ടുണ്ട്. വിശദ വിവരം താഴെ നൽകുന്നു.

| ക്രമ നം | ചെലവഴിച്ച തുക | വൗച്ചർനം/ ബിൽ നം തീയതി | മമത ന്യൂട്രിമിക്സ് യൂണിറ്റ്,പിടാവന്നൂർ നൽകിയ തുക (ജി. എസ്.ടി ഒഴികെ) | | ചൈതന്യ ന്യൂട്രിമിക്സ് യൂണിറ്റ് അയിരൂരിനു നൽകിയ തുക(ജി. എസ്.ടി ഒഴികെ) |
|---|---|---|---|---|---|
| | | | അമൃതം ന്യൂട്രിമിക്സ് (@70.00) | ഗ്രാവി.പ്രൊ (@268.00) | ന്യൂട്രിമാം (@273.00) |
| 1 | 775644 | 4717778/ 12.1.22 | 1552.5kg =108675 | 350kg = 83335 | 263kg= 62620 |
| 2 | 363747 | 2/22.9.21 | 1606.5kg=112455 | 438kg1= 131400 | 272kg =88400 |
| 3 | 954682 | 1/8.7.21 | 8127kg = 56890 | -- | --- |
| 4 | 254933 | 9/10.1.22 | 1566kg= 109620 | 350kg = 83335 | 402kg =100500 |
| 5 | 808731 | 4717413/ 13.8.21 | 4941kg= 345870 | 454kg = 136200 | 488kg = 154700 |
| 6 | 969009 | 4717767/ 25.11.21 | 3226kg= 225855 | 802 Kg= 220300 | 545kg= 162400 |
| 7 | 263883 | 4718646/ 21.3.22 | 1579.5kg= 110565 | 286 Kg = 68096 | 303kg =71906 |
| 8 | 749872 | 4718644/ 7.3.22 | 1566kg=109620 | 298kg =70953 | 290kg =69049 |
| ആകെ | | | 24165kg=1691550 | 3735kg =1000911 | 2856kg= 779665 |
| Tds 2% | | | =33831 | 100911 | 15593 |

പ്രൊജക്ട് നടത്തിപ്പിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

1)അംഗനവാടി പൂരകപോഷകാഹാരം - ജി.എസ്.ടി.യിൻമേൽ ടി.ഡി. എസ്. ഈടാക്കിയില്ല.

CGSTനിയമം, സെക്ഷൻ 51അടിസ്ഥാനത്തിൽ പുറപ്പെടുവിച്ച 13.09.2018ലെ വിജ്ഞാപനം നം.50/2018 പ്രകാരം 250000ത്തിനു മുകളിലുള്ള പർചേയ്സിന് ജി.എസ്.ടി.യിൻ മേൽ 2% ടി.ഡി.എസ്. കുറവ് ചെയ്യേണ്ടതാണ്. എന്നാൽ മേൽ പർചേയ്സുകളിന്മേൽ ഇപ്രകാരം ടി.ഡി.എസ്. കുറവ് ചെയ്തിട്ടില്ല.

2) ന്യൂട്രിമിക്സ് വിതരണം ചെയ്യുന്ന സ്ഥാപനത്തെ പഞ്ചായത്ത് ഭരണസമിതി അംഗീകരിച്ചിട്ടില്ല.

പഞ്ചായത്തിൽ ന്യൂട്രിമിക്സ് വിതരണം ചെയ്ത മമത ന്യൂട്രിമിക്സ് യൂണിറ്റ്,പിടാവന്നൂർ ചൈതന്യ ന്യൂട്രിമിക്സ് യൂണിറ്റ് അയിരൂർ എന്നീ സ്ഥാപനങ്ങളെ പഞ്ചായത്തിലെ വിതരണത്തിനുള്ള ഏജൻസിയായി പഞ്ചായത്ത് ഭരണസമിതി അംഗീകരിച്ചിട്ടില്ല. ഈ സ്ഥാപനങ്ങളുമായി ന്യൂട്രിമിക്സ് വിതരണത്തിന് പഞ്ചായത്ത് കരാർ ചമച്ചിട്ടുമില്ല.

3) ഭക്ഷണ സാധനത്തിന്റെ ഗുണനിലവാര പരിശോധന നടത്തിയിട്ടില്ല.

സാമൂഹ്യക്ഷേമ വകുപ്പ് ഡയറക്ടറുടെ ഐ.സി.ഡി.എസ് ബി3-312/10 തീയതി 18-12-10 കത്ത് പ്രകാരം രണ്ട് മാസത്തിലൊരിക്കൽ ന്യൂട്രിമിക്സ് സാമ്പിളുകൾ ഫുഡ് ടെസ്റ്റ് ലാബിൽ പരിശോധനയ്ക്ക് വിധേയമാക്കാനും ഓരോ കുടുംബശ്രീ യൂനിറ്റിൽ നിന്നും ഓരോ ബാച്ച് പ്രൊഡക്ടുകളുടെ സാമ്പിളുകൾ പരിശോധന നടത്താനും നിർദ്ദേശിച്ചിരുന്നു.അംഗനവാടികളിലേയ്ക്ക് വിതരണം ചെയ്യുന്ന ഭക്ഷണസാധനത്തിന്റെ ഗുണനിലവാര പരിശോധന നടത്തിയതിന്റെ രേഖകൾ പരിശോധനക്ക് ലഭ്യമായിട്ടില്ല.

അപാകതകൾ ചൂണ്ടിക്കാണിച്ച് നൽകിയ ഓഡിററ് എൻക്വയറി നം.2/29.9.22 ന് ലഭ്യമാക്കിയ മറുപടിയിൽ ക്രമ നം (1)അപാകതയ്ക്ക് ഓരോ ബില്ലും രണ്ടര ലക്ഷത്തിന്മേൽ വരുമ്പോൾ മാത്രമാണ് ടി.ഡി. എസ്. ഈടാക്കേണ്ടതെന്ന തെറ്റിദ്ധാരണ കൊണ്ടാണ് ടി.ഡി. എസ്. ഈടാക്കാതിരുന്നത് എന്നും 2022-23 വർഷത്തെ ബില്ലിന്മേൽ ടി.ഡി. എസ്. ഈടാക്കുന്നുണ്ട് എന്നും അറിയിച്ചു. മേൽ ബിൽ പ്രകാരമുള്ള ടി.ഡി. എസ്. ഈടാക്കി വിവരമറിയിയ്ക്കേണ്ടതാണ്.ക്രമ നം (2)അപാകതയ്ക്ക് മലപ്പുറം ജില്ലാ കുടുംബശ്രീ മിഷൻ കോഓർഡിനേററുടെ ഉത്തരവ് പ്രകാരമാണ് അംഗനവാടികളിൽ വിതരണം നടത്തുന്നതിന് ന്യൂട്രിമിക്സ് യൂണിററിനെ നിശ്ചയിച്ചിട്ടുള്ളത് എന്ന് അറിയിച്ചിട്ടുണ്ട്. എന്നാൽ ഇത്തരത്തിൽ നിശ്ചയിക്കപ്പെട്ട യൂനിറ്റുകൾക്ക് പഞ്ചായത്തുമായി കരാർ ചമക്കുന്നതിന് സർക്കാർ ഇളവുകൾ നൽകിയിട്ടുണ്ടെങ്കിൽ

അതിന്റെ രേഖകൾ ലഭ്യമാക്കേണ്ടതാണ്. ക്രമ നം (3)അപാകതയ്ക്ക് നൽകിയ മറുപടിയിന്മേൽ ഭക്ഷണ സാധനങ്ങളുടെ രണ്ടു മാസത്തെ ഗുണനിലവാര പരിശോധന നടത്തിയതിന്റെ രേഖകൾ ലഭ്യമാക്കി. കുടുംബശ്രീ യൂനിറ്റുകളിൽ നിന്നുള്ള ഓരോ ബാച്ച് പ്രൊഡക്റ്റ് സാമ്പിളുകളുടെയും രണ്ടു മാസത്തിലൊരിക്കലുള്ള ഗുണനിലവാര പരിശോധനാ റിപ്പോർട്ട് ലഭ്യമാക്കേണ്ടതാണ്. അപാകതകൾ പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-17 ഗ്രാമ പഞ്ചായത്ത് അനുമതിയില്ലാതെ കെട്ടിടങ്ങളിൽ സ്കൂളുകൾ പ്രവർത്തിക്കുന്നു.

പഞ്ചായത്തിൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റിന് വേണ്ടി വിവിധ സ്കൂളുകൾ സമർപ്പിച്ച അപേക്ഷകൾ പരിശോധിച്ചതിൽ പ്രസ്തുത അപേക്ഷയിൽ അവകാശപ്പെട്ട കെട്ടിടങ്ങൾ പഞ്ചായത്തിൽ നമ്പർ നൽകി അധികൃതമാക്കപ്പെട്ടിട്ടില്ല എന്ന് വ്യക്തമായി. വിശദ വിവരം താഴെ നൽകുന്നു.

| സ്കൂൾ | പഞ്ചായത്ത് നമ്പർ നൽകിയ കെട്ടിടത്തിന്റെ വിവരം | ഫിറ്റ്നസ് സർട്ടിഫിക്കറ്റിനുള്ള അപേക്ഷയിൽ അവകാശപ്പെട്ട ക്ലാസ്സ് മുറികളുടെ വിസ്തീർണ്ണം |
|---|---|---|
| അൽമനാർ ഹയർ സെക്കന്ററി സ്കൂൾ രണ്ടത്താണി | കെട്ടിട നമ്പർ 3/107<br>താഴത്തെ നില 549.60 $M^2$<br>ഒന്നാം നില543 $M^2$<br>രണ്ടാം നില543 $M^2$<br>ആകെ 1635.60$M^2$ | കെട്ടിട നമ്പർ 3/107<br>താഴത്തെ നില 549.60 $M^2$<br>ഒന്നാം നില543 $M^2$<br>രണ്ടാം നില543 $M^2$<br>മൂന്നാം നില543 $M^2$<br>ആകെ 2178.60$M^2$<br>കെട്ടിട നമ്പർ 3/104<br>താഴത്തെ നില 185.64 $M^2$<br>ഒന്നാം നില185.64$M^2$<br>രണ്ടാം നില185.64 $M^2$<br>ആകെ 556.92 $M^2$ |
| എം.എസ്. എം ഹയർ സെക്കന്ററി സ്കൂൾ കല്ലിങ്ങൾ പറമ്പ് | ലഭ്യമാക്കിയിട്ടില്ല. | ഹൈസ്കൂൾ വിഭാഗം ആകെ<br>3631.80 $M^2$<br>ഹയർ സെക്കന്ററി വിഭാഗം ആകെ<br>2053.96 M2 |

കുറിപ്പ്. അൽമനാർ ഹയർ സെക്കന്ററി സ്കൂൾ രണ്ടത്താണി എന്ന സ്ഥാപനത്തിന് 2022-23 വർഷത്തിൽ ഗ്രാമ പഞ്ചായത്തിൽ നിന്ന് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകിയിട്ടില്ല. പ്രസ്തുത സ്ഥാപനത്തിൽ ആകെ 2735.52$M^2$ കെട്ടിടങ്ങൾ ഉണ്ടെന്നും ആയത് പഞ്ചായത്ത് അസസ് മെന്റ് രജിസ്റ്റർ പ്രകാരം അംഗീകൃതമാണോയെന്ന് പരിശോധിക്കേണ്ടതും അല്ലാത്തപക്ഷം നിയമാനുസൃത നടപടികൾ സ്വീകരിക്കേണ്ടതും കെട്ടിടങ്ങൾ അംഗീകൃതമാക്കുന്ന മുറക്ക് മാത്രമേ ഫിറ്റ്നസ് അനുവദിക്കാവൂ എന്ന വിവരം അപേക്ഷകനെ അറിയിക്കാവുന്നതാണെന്നും ഗ്രാമ പഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയർ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിക്ക് കത്ത് നൽകിയതായി ബന്ധപ്പെട്ട ഫയലിൽ കാണുന്നു.

എം.എസ്. എം ഹയർ സെക്കന്ററി സ്കൂൾ കല്ലിങ്ങൾ പറമ്പ് ന് 2022-23വർഷത്തിൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ട്. എന്നാൽ മേൽ സ്ഥാപനത്തിന്റെ വിസ്തീർണ്ണം പഞ്ചായത്ത് അസസ്മെന്റ് രേഖകൾ പ്രകാരം എത്രയാണെന്ന് അറിയിക്കണമെന്ന് ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (5/29-09-2022) നൽകിയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

പഞ്ചായത്തിലെ ഏതാനും സ്കൂളുകളുടെ ഫിറ്റ്നസ് അപേക്ഷ അടിസ്ഥാനമാക്കി നടത്തിയ പരിശോധനയിലാണ് സ്കൂളുകളിൽ അനധികൃത നിർമ്മാണങ്ങൾ നടത്തിയിട്ടുണ്ട് എന്ന് വ്യക്തമായത്. സ്കൂളുകളുടെ കെട്ടിട നമ്പർ സംബന്ധിച്ച വ്യക്തമായ വിവരം ലഭിക്കാത്തതിനാൽ മുഴുവൻ സ്കൂളുകളുടെയും കെട്ടിടങ്ങൾ പഞ്ചായത്തിൽ നിന്ന് നമ്പർ നേടി അധികൃതമാക്കപ്പെട്ടിട്ടുണ്ടോ എന്ന് പരിശോധിക്കാനായിട്ടില്ല.

ഗ്രാമ പഞ്ചായത്തിലെ വിവിധ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അനധികൃത നിർമ്മാണങ്ങൾ കണ്ടെത്തുന്നതിന്

പരിശോധന നടത്തേണ്ടതും നിയമാനുസൃതം തുടർ നടപടി സ്വീകരിച്ച് അനധികൃത നിർമ്മാണം ക്രമവൽക്കരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-18 ആയുർവേദ ഡിസ്പെൻസറി- മുഴുവൻ മരുന്നുകളും ലഭ്യമായിട്ടില്ല.

നിർവ്വഹണം-മെഡിക്കൽ ഓഫീസർ ആയുർവേദം

പ്രോജക്ട് നമ്പർ.88/2021-22 ( ആയുർവേദ ഡിസ്പൻസറിയിലേക്ക് മരുന്ന് വാങ്ങൽ)

അടങ്കൽ-10,00,000 ( Maintanance Fund Non Road)

ചെലവ്- 10,00,000 (ബിൽ നമ്പർ-1/15.12.2021: 10,00,000/- രൂപ)

പ്രൊഫോർമ ഇൻവോയിസ് നമ്പർ- 146368/4.12.2021- 5,00,000 രൂപ -ഔഷധി

പ്രൊഫോർമ ഇൻവോയിസ് നമ്പർ- 101/13.9.2021- 5,00,000 രൂപ -പാട്യം സോഷ്യൽ സർവ്വീസ് സൊസൈറ്റി

പ്രൊജക്ട് നിർവ്വഹണത്തിന്റെ ഭാഗമായി, മെഡിക്കൽ ഓഫീസർ(ആയുർവേദം), മാനേജിംഗ് ഡയറക്ടർ ,ഔഷധിക്ക് നൽകിയ 5 ലക്ഷം രൂപയിൽ 4,95,171 രൂപയുടെ മരുന്നുകൾ മാത്രമേ ലഭ്യമായിട്ടുള്ളൂ. 4829 രൂപയുടെ മരുന്നുകൾ നാളിത് വരെ ലഭ്യമായിട്ടില്ല. മരുന്ന് ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. (7/29-09-2022 പ്രകാരം അന്വേഷണക്കുറിപ്പ് നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല)

## 1-19 ഹോമിയോ ഡിസ്പെൻസറി- മുഴുവൻ മരുന്നുകളും ലഭ്യമായിട്ടില്ല.

നിർവ്വഹണം- മെഡിക്കൽ ഓഫീസർ ഹോമിയോ

പ്രോജക്ട് നമ്പർ.63/2021-22 ( ഹോമിയോ ഡിസ്പൻസറിയിലേക്ക് മരുന്ന് വാങ്ങൽ)

അടങ്കൽ-200000 ( Maintanance Fund Non Road)

ചെലവ്- 200000 (ബിൽ നമ്പർ-100/28.12.2021: 200000/- രൂപ)

പ്രൊഫോർമ ഇൻവോയിസ് നമ്പർ- PF 1199/16.12.2021

പ്രൊജക്ട് നിർവ്വഹണത്തിന്റെ ഭാഗമായി, മെഡിക്കൽ ഓഫീസർ(ഹോമിയോ), ഹോംകോ-യ്ക്ക്, ബിൽ നമ്പർ 100/28.12.2021 പ്രകാരം 200000/- രൂപ ( Maintanance Fund Non Road) നല്കിയിരുന്നു. എന്നാൽ നാളിത് വരെ മേൽ തുകക്കുള്ള മരുന്നുകൾ ഒന്നും തന്നെ സ്ഥാപനത്തിൽ ലഭ്യമായിട്ടില്ല. മരുന്ന് ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. (എൻക്വയറി നമ്പർ 8/29-9-2022)

## 1-20 മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി- അപാകതൾ

തൊഴിലുറപ്പ് പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ കണ്ടെത്തിയ പൊതു അപാകതൾ ചുവടെ ചേർക്കുന്നു.

1.ചെക്ക് മെഷർ ചെയ്യുന്ന തിയ്യതി.എം.ബുക്കിൽ രേഖപ്പെടുത്തുന്നില്ല.

2.ഫയൽ ട്രാക്കിംഗ് പരിശോധിച്ചതിൽ ചെക്ക് മെഷർ ചെയ്യുന്നതിന് വലിയ കാലതാമസം ഉള്ളതായി കാണുന്നു. ഉദാ:നെല്ലിക്കുന്ന് -കമ്പനിപ്പടി നടപ്പാത നിർമ്മാണം. ( മസ്റ്റർ റോൾ പ്രകാരമുള്ള അവസാന പ്രവൃത്തി ദിവസം-22-1-21, ചെക്ക് മെഷർമെന്റിനായി നൽകിയത് 25-1-21, ചെക്ക് മെഷർമെന്റ നടത്തിയത്- 28-2-21)

3.Material Work കളിൽ പ്രവൃത്തിക്ക് ഉപയോഗിച്ച മെറ്റീരിയൽ ,തുക എന്നിവ കാണിക്കുന്ന മെറ്റീരിയൽ ലിസ്റ്റ് വെച്ചിട്ടില്ല.

4.മെറ്റീരിയൽ Work ന് വിതരണക്കാരൻ GST ബില്ലുകൾ ഹാജരാക്കിയിട്ടുണ്ടെങ്കിലും ബില്ലിൽ GST എത്ര ശതമാനമാണെന്ന് വേർ തിരിച്ച് രേഖപ്പെടുത്തുന്നില്ല. ചില പ്രവൃത്തികളിൽ ഒന്നും രേഖപ്പെടുത്താത്ത ബില്ലുകൾ ഉള്ളടക്കം ചെയ്തിട്ടുണ്ട്.

5.FTO കോപ്പി ഫയലിൽ ഉള്ളടക്കം ചെയ്യുന്നില്ല.

6.തൊഴിൽ സ്ഥലത്തെ ഫോട്ടോകൾ ചില ഫയലിൽ ഉള്ളടക്കം ചെയ്തിട്ടില്ല.

അപാകതകൾ പരിഹരിക്കാൻ നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്. ( എൻക്വയറി നം.10/30-09-22)

## 1-21 നിർവ്വഹണ ഉദ്യോഗസ്ഥർ രജിസ്റ്ററുകൾ സൂക്ഷിക്കുന്നതിലെ അപാകതകൾ

ഗ്രാമപഞ്ചായത്തിലെ നിർവ്വഹണ ഉദ്യോഗസ്ഥരുടെ രജിസ്റ്ററുകളുടെ സൂക്ഷിപ്പിൽ താഴെ പറയും പ്രകാരം അപാകതകൾ ഉണ്ട്.

1.നിർവ്വഹണ ഉദ്യോഗസ്ഥരായ ഹെഡ് മാസ്റ്റർ,മെഡിക്കൽ ഓഫീസർ -പി.എച്ച്.സി,ആയുർവേദം,ഐ.സി.ഡി.എസ് സൂപ്പർവൈസർ,വെറ്ററിനറി സർജൻ ,കൃഷി ഓഫീസർ എന്നിവർ പ്രൊജക്ട് രജിസ്റ്റർ എഴുതിയിട്ടില്ല.

2. അസിസ്റ്റന്റ് സെക്രട്ടറി ക്യാഷ് ബുക്ക് സൂക്ഷിക്കുന്നില്ല.
3.അസിസ്റ്റന്റ് എഞ്ചിനീയർ ടെണ്ടർ രജിസ്റ്ററിൽ വിശദാംശങ്ങൾ മുഴുവൻ രേഖപ്പെടുത്തിയിട്ടില്ല.ഇ.എം.ഡി അടവാക്കിയ വിവരം, ടെണ്ടർ ലഭിച്ച തിയ്യതി, ഗ്രാമപഞ്ചായത്ത് തീരുമാനം, കരാറുകാരുടെ ഒപ്പ് എന്നിവ രേഖപ്പെടുത്തിയിട്ടില്ല.
4.കരാർ രജിസ്റ്ററിൽ പ്രവൃത്തി പൂർത്തീകരിക്കേണ്ട തിയ്യതി, പി.എ.സി തുക എന്നിവ രേഖപ്പെടുത്തിയിട്ടില്ല.
അപാകതകൾ പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2021-22 | 2021-22 വാർഷിക ഓഡിറ്റ് വേളയിൽ വാർഷികധനകാര്യ പത്രികയുടെ പരിശോധന നടത്തി | ഈ റിപ്പോർട്ടിന്റെ ഭാഗമാക്കി. |

### 4-2 സംയുക്തപ്രൊജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേര്,നം | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 95352 | 14/2022 കിടപ്പിലായ രോഗികൾക്ക് പരിചരണം | 95352 | 0 |
| | 600000 | 57/2022 ലൈഫ് പദ്ധതി പ്രകാരം ഭവന നിർമ്മാണത്തിന് ധനസഹായം | 600000 | 0 |
| | 550000 | 2/2022 ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 550000 | 0 |
| | 249941 | 119/2022 കളത്തിലകത്ത് പടി നെല്ലിക്കുന്ന് റോഡ് കോൺക്രീറ്റ് | 249941 | 0 |
| | 249624 | 189/2022 അയിരാനി ആമ്പൽക്കുളം റോഡ് പുനരുദ്ധാരണം | 249624 | 0 |
| | 249969 | 183/2022 | 249969 | 0 |

| | | | | |
|---|---|---|---|---|
| | | കിഴക്കേപ്പുറം കണക്കാം കുന്ന് റോഡ് പുനരുദ്ധാരണം | | |
| | 80315 (മുന്നിരിപ്പ്) | SO-35/22 കിടപ്പിലായ രോഗികൾക്ക് പരിചരണം | 80315 | 0 |
| ആകെ | 275201 | | 275201 | 0 |
| ജില്ലാ പഞ്ചായത്ത് | 550000 | 2/2022 ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 550000 | 0 |
| ആകെ | 550000 | | 550000 | 0 |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവർത്തിയുടെ പേര്/നം | വൗച്ചർ നം./ ബിൽ/ചെക്ക് നം. | മുൻകൂർ നല്കിയ തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം | ചെലവഴിക്കാൻ ബാക്കി യുള്ള തുക |
|---|---|---|---|---|---|---|
| കെ. എസ്. ഇ. ബി | പൂവൻചെന 121 നമ്പർ അങ്കണവാടി ഇലക്ട്രിഫിക്കേഷൻ 192/22 | 23/13.02.2022 | 31186 | 0 | പൂർത്തീകരിച്ചിട്ടില്ല | 31186 |
| | ഗതാഗതത്തിന് തടസ്സം നിൽക്കുന്ന ഇലക്ട്രിക് പോസ്റ്റുകൾ മാറ്റൽ 211/22 | 52100614/28.12.2021 | 17381 | 0 | പൂർത്തീകരിച്ചിട്ടില്ല | 17381 |
| കെ.ഡബ്ല്യൂ.എ | കുടിവെള്ള പൈപ്പ് ലൈൻ എക്സ്റ്റൻഷൻ 106/22 | 52100615/30.12.2021 | 1930000 | 0 | പൂർത്തീകരിച്ചിട്ടില്ല | 1930000 |
| ഭൂജല വകുപ്പ് | വനിതാ വ്യവസായ കേന്ദ്രം കുഴൽ കിണർ നിർമ്മാണം 89/2022 | 52100885/25.03.2022 | 50482 | 0 | പൂർത്തീകരിച്ചിട്ടില്ല | 50482 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റേയും വർഷാവസാനം തിരിച്ചടക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെ വിശദവിവരം താഴെ കൊടുക്കുന്നു.

| ക്രമ നം | വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നം./തിയ്യതി | തൻ വർഷം ലഭിച്ച വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാനുള്ള മുൻബാക്കി | തൻവർഷം അടച്ചത് | | വർഷാവസാനം ബാക്കി |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |

| | | | | | | | |
|---|---|---|---|---|---|---|---|
| 01 | ലൈഫ് പദ്ധതി | ലഭ്യമല്ല | 260000 | 0 | 381333 | | --- |

കുറിപ്പ് : ഖണ്ഡിക 1-11-1 കാണുക

## 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം | 5560080 |
| തൻവർഷം നിക്ഷേപിച്ച തുക (പലിശ) | 403105 |
| ആകെ | 5963185 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 5963185 |

2021-22 വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം

| നിക്ഷപത്തിന്റെ വിവരം | തുക | രശീതിനമ്പർ/തീയതി |
|---|---|---|
| കൽപകഞ്ചേരി സർവ്വീസ് സഹകരണബാങ്ക് | 1192637 | 1252/9.12.2021 |
| കൽപകഞ്ചേരി സർവ്വീസ് സഹകരണബാങ്ക് | 1192637 | 2829/9.12.2021 |
| കൽപകഞ്ചേരി സർവ്വീസ് സഹകരണബാങ്ക് | 1192637 | 2830/9.12.2021 |
| കൽപകഞ്ചേരി സർവ്വീസ് സഹകരണബാങ്ക് | 1192637 | 2831/9.12.2021 |
| കൽപകഞ്ചേരി സർവ്വീസ് സഹകരണബാങ്ക് | 1192637 | 2832/9.12.2021 |
| ആകെ | 5963185 | |

കുറിപ്പ്: വാർഷിക കണക്കിൽ (B-12) 5775445/- രൂപയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.(ഖണ്ഡിക 1-11-6 കാണുക ). 2020-21 ഓഡിറ്റ് റിപ്പോർട്ടിൽ വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപമായി 5372340/-രൂപയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. എന്നാൽ യഥാർത്ഥത്തിൽ 5560080/-രൂപയാണ് അവശേഷിച്ചിരുന്നത്. ആയത് പരിശോധിച്ച് ബോധ്യപ്പെട്ടിട്ടുള്ളതാണ്.

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 19759/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗ പ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2013-14,2014-15 | 3-10 | 9321 | ഗോപാലൻ എം കെ, അസി എഞ്ചിനീയർ | 121030101843/18.08.2021 |
| 2019-20 | 1-17 | 7328 | ലക്ഷ്മി, അസി എഞ്ചിനീയർ | 12103010814/11.01.2022 |
| 2020-21 | 1-15 | 3110 | ലക്ഷ്മി, അസി എഞ്ചിനീയർ | 12103010813/11.01.2022 |

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ

പഞ്ചായത്തിലെ മുൻവർഷ ഓഡിററ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിററ് നിയമം 23 -ാം വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളിൽ തീർപ്പാക്കാനവശേഷിക്കുന്നവയുടെ വിശദവിവരങ്ങൾ താഴെ ചേർക്കുന്നു

| ഓഡിറ്റ് | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് | ഖണ്ഡിക | വിഷയം |
|---|---|---|---|---|

| വർഷം | | വർഷം | | |
|---|---|---|---|---|
| 1999-2000 | 33 | 2003-04 | 40(2) | മരം ലേലം 18294/- രൂപ |

## 4-9 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം.

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 108752961 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 102437146 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 3407287 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നം. | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-13 | 3347463 | ശ്രീമതി മിനി.കെ., സെക്രട്ടറി |
| 1-15 | 59819 | ശ്രീമതി മിനി.കെ., സെക്രട്ടറി |
| | 3407282 | |

സി) കേന്ദ്ര – സംസ്ഥാന സർക്കാരുകൾ , മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിൻെറ വിവരം

ഇല്ല

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

ഇല്ല

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1989-90 മുതൽ 1990-91 വരെ | എൽ.എഫ്.എം.5/971/97, തീ. 10-10-10 | 8 |
| 1996-97 | -ടി- | 3 |
| 1998-99 | -ടി- | 9 |
| 1999-00 | -ടി- | 10 |
| 2000-01 | -ടി- | 1 |
| 2001-02 | -ടി- | 4 |
| 2002-03 | എൽഎഫ്.എം.11/1008/2009, തീ. 15-03-10 | 13 |
| 2003-04 | എൽഎഫ്.എം.11/1943/2008 , തീ. 20.04.2009 | 12 |

| | | |
|---|---|---|
| 2004-05 | എൽഎഫ്.എം.11/1944/2008 , തീ. 20.04.2009/20-10-2009 | 16 |
| 2005-06 | എൽഎഫ്.എം.15/783/10 , തീ. 21-05-2012 | 6 |
| 2006-07 | എൽഎഫ്.എം.15/784/10 , തീ. 21-05-12 | 11 |
| 2007-08 | എൽ.എഫ്.എം.15/1407/10, തീ. 21-2-12 | 14 |
| 2008-09 മുതൽ 2010-11 വരെ | കെ.എസ്.എ.എം.പി.എം.10/2946/18 തീ. 05-03-2018 | 18 |
| 2011-12മുതൽ 2012-13വരെ | കെ.എസ്.എ.എം.പി.എം.10/2222/2019(1), തീ. 12-11-20 | 19 |
| 2013-14 To 2014-15 | കെ.എസ്.എ.എം.പി.എം.10/2222/2019(2), തീ. 12-11-2020 | 22 |
| 2015-16 | നം.കെ.എസ്.എ.എം.പി.എം15/3269/2016 തീ.26-02-2018 | 15 |
| 2016-17 | കെ.എസ്.എ എം.പി.എം10/2043/17 തിയതി 28-07-2018 | 09 |
| 2017-18 | കെ.എസ്.എ.എം.പി.എം 10/2632/2018 തിയതി 07.06.2019 | 23 |
| 2018-19 | കെ.എസ്.എ.എം.പി.എം 10/26/2020 തിയതി 24.09.20 | 13 |
| 2019-20 | കെ.എസ്.എ.എം.പി.എം10/1800/2021 തിയതി 08.06.2022 | 18 |
| 2020-21 | കെ.എസ്.എ.എം.പി.എം10/1801/2021 തിയതി 20.06.2022 | 16 |

എം.എ.11/2022

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ മലപ്പുറം ജില്ലയിലെ കൽപ്പകഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

മലപ്പുറം ജില്ലയിലെ കൽപ്പകഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്